ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

PF5/524/2018/HSE/IFMS

തീയതി : 05/02/2018

## സർക്കുലർ

വിഷയം :- ഹ.സെ.വി.വ - കേരള എയ്ഡഡ് ഹയർസെക്കന്ററി സ്കൂൾ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടുകൾ Online മുഖേന തീർപ്പാക്കുന്നത്- സംബന്ധിച്ച്.

സൂചന :- 1) 23/12/2017 തിയതിലെ G.O.(P) No.158/2017/Fin നമ്പർ ഉത്തരവ്.

2) 01/02/2018 ലെ 103088/SL3/15/Fin നമ്പർ ഗവൺമെന്റ് കത്ത്

മേൽ സൂചന (1) പ്രകാരം 01.01.2018 മുതൽ എയ്ഡഡ് ഹയർസെക്കന്ററി സ്കൂൾ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടുകൾ Online ആയി മാത്രമേ തീർപ്പാക്കുവൂ എന്ന് സർക്കാർ ഉത്തരവായിരുന്നു.

എന്നാൽ പി.എഫ്. അക്കൗണ്ടുകൾ Online ആയി തീർപ്പാക്കുവാനാവശ്യമായ 2016-2018 വരെയുള്ള എല്ലാ Treasury Data കളും Treasury യിൽ നിന്നും Gain PF ലേയ്ക്ക് upload ചെയ്യുവാൻ കഴിഞ്ഞിട്ടില്ല. മേൽ സാഹചര്യത്തിൽ സൂചന (2) പ്രകാരം 31.05.2018 വരെയുള്ള ക്ലോഷർ അപേക്ഷകൾ Online ആയോ മാനുവൽ ആയോ തീർപ്പാക്കുവാൻ ഗവൺമെന്റിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്.

എന്നിരുന്നാലും ക്ലോഷർ അപേക്ഷകൾ ഉചിത മാർഗ്ഗേന സമർപ്പിച്ച് ആയതിൽ കുറവുകൾ ഉണ്ടെങ്കിൽ അവ പരിഹരിച്ച് ഉത്തരവാകുമ്പോൾ കാലതാമസം നേരിടാവുന്നതിനാൽ 31.03.2018 വരെ ഈ ഓഫീസിൽ ലഭിക്കുന്ന ക്ലോഷർ അപേക്ഷകൾ മാത്രമേ മാനുവലായി സ്വീകരിക്കുകയുള്ളൂ. 01.04.2018 മുതൽക്കുള്ള എല്ലാ ക്ലോഷർ അപേക്ഷകളും Online ആയി മാത്രം സമർപ്പിക്കേണ്ടതാണ്.

ഒപ്പ്
അക്കൗണ്ട്സ് ഓഫീസർ (പി.എഫ്)

എല്ലാ എയ്ഡഡ് ഹയർ സെക്കന്ററി സ്ക്കൂൾ പ്രിൻസിപ്പാൾമാർക്കും